# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 477 — 24/10/2016 -ൽ മറുപടിക്ക്

## സ്വകാര്യ ആശുപത്രികളുടെ പ്രവർത്തനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.അനൂപ് ജേക്കബ് | | ശ്രീമതി . കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി) | |
| (എ) | സ്വകാര്യ ആശുപത്രികളുടെ പ്രവർത്തനം നിയന്ത്രിക്കാൻ സർക്കാർ തലത്തിൽ എന്തെല്ലാം സംവിധാനങ്ങൾ ഉണ്ടെന്ന് വ്യക്തമാക്കാമോ; | എ) | നിലവിൽ സ്വകാര്യ ചികിത്സാലയങ്ങളുടെ പ്രവർത്തനങ്ങൾ സർക്കാരിന്റെ നിയന്ത്രണത്തിലല്ല. എന്നാൽ സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികൾ, ലാബുകൾ, സ്കാനിംഗ് സെന്ററുകൾ തുടങ്ങിയ എല്ലാ ചികിത്സാ സ്ഥാപനങ്ങളുടെയും പ്രവർത്തന നിലവാരം ആവശ്യമായ നിയമം മുഖേന നിയന്ത്രിക്കുക എന്ന ലക്ഷ്യത്തോടെ കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് (രജി. & റഗു.) ബിൽ 2016 ന് രൂപം നൽകുകയിട്ടുണ്ട്. ബിൽ നിയമസഭയിൽ ആവതരിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബിൽ നിയമമാകുന്നതോടെ സ്വകാര്യ ആശുപത്രികൾ, ലാബുകൾ, സ്കാനിംഗ് സെന്ററുകൾ തുടങ്ങിയ സ്ഥാപനങ്ങളുടെ മേൽ സർക്കാരിന് നിയന്ത്രണം ഏർപ്പെടുത്താൻ കഴിയും.<br><br>എന്നാൽ ഇതു സംബന്ധിച്ച് തൊഴിൽ വകുപ്പ് 1960 ലെ കേരള ഷോപ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് പ്രകാരവും 1948 ലെ മിനിമം വേതനം തുടങ്ങിയ തൊഴിൽ നിയമപ്രകാരമുള്ള ആനുകൂല്യങ്ങൾ ഉറപ്പുവരുത്തുന്നതിന് സ്വാകാര്യ ആശുപത്രികളിൽ പരിശോധന നടത്തുമ്പോൾ ശ്രദ്ധിക്കുന്നുണ്ട്. കൂടാതെ സ്വാകാര്യ മേഖലയിലെ തൊഴിലാളി- |

| | | | |
|---|---|---|---|
| | | | കൾക്ക് മിനിമം വേതനം ലഭിക്കുന്നു എന്ന് ഉറപ്പാക്കുന്നതിനായി വേതന സുരക്ഷാപദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. സ്വകാര്യ ആശുപത്രികളിലെ ജീവനക്കാരുടെ തൊഴിൽ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിന് IRC സംവിധാനം രൂപീകരിച്ചിട്ടുണ്ട്. |
| (ബി) | സ്റ്റാഫ് നഴ്സ് ഉൾപ്പെടെയുള്ള പാരാമെഡിക്കൽ ജീവനക്കാർക്ക് മിനിമം ശമ്പളം ലഭിക്കുന്നില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| സി) | ഉണ്ടെങ്കിൽ അതിനെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ; | സി) | സ്വകാര്യ ആശുപത്രികളിലെ നേഴ്സുമാരുടെ പ്രശ്നങ്ങളെപ്പറ്റി ബലരാമൻ കമ്മറ്റി പഠിച്ചതിന്റെ ഫലമായി മിനിമം ശമ്പളം കൊടുക്കാൻ കമ്മറ്റി സർക്കാരിനോട് ശിപാർശ ചെയ്യുകയും ബലരാമൻ കമ്മറ്റി റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ സ്വകാര്യ ആശുപത്രി വ്യവസായ ബന്ധ സമിതി ചർച്ച ചെയ്ത് തീരുമാനമെടുത്തതിന്റെ അടിസ്ഥാനത്തിൽ ടി ജീവനക്കാരുടെ വേതനം പരിഷ്കരിച്ചുകൊണ്ട് തൊഴിൽ വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ തൊഴിൽ വകുപ്പ് അസംഘടിത മേഖലയിൽ പണിയെടുക്കുന്ന വിവിധ തൊഴിലാളികൾക്ക് മിനിമം വേതനം ഉറപ്പ് വരുത്തുന്നതിനും സംസ്ഥാനത്തെ വിവിധ സ്വകാര്യ മേഖലകളിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് വേതനം ബാങ്ക് വഴി നൽകുന്നതിനും നടപടി സ്വീകരിച്ചുവരുന്നുണ്ട്. വേതന സുരക്ഷാ പദ്ധതി (ഇ-പേയ്മെന്റ്) തിരുവനന്തപുരം ജില്ലയിൽ പൈലറ്റ് അടിസ്ഥാനത്തിൽ വിജയകരമായി നടപ്പിലാക്കിയിട്ടുണ്ട്. മറ്റ് ജില്ലകളിലും ഇതു നടപ്പാക്കുന്നതിനുള്ള നടപടി നടന്നുവരുന്നു. ഈ പദ്ധതി നടപ്പിലാക്കുന്നതുവഴി തൊഴിലാളികൾക്ക് ബാങ്ക് മുഖേന വേതനം ലഭ്യമാക്കുന്ന- |

| | | | |
|---|---|---|---|
| | | | തോടൊപ്പം നിയമം അനുശാസിക്കുന്ന കുറഞ്ഞ വേതനം തൊഴിലാളികൾക്ക് യഥാസമയം ലഭ്യമാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനും കൂടാതെ തൊഴിലാളികൾക്ക് വേജ് സ്ലിപ്പ് നേരിട്ട് ഓൺലൈൻ മുഖേന ലഭ്യമാക്കുന്നതിനും കഴിയുന്നതാണ്. നിശ്ചയിക്കപ്പെട്ട വേതനം കൃത്യസമയത്ത് ലഭ്യമാക്കുന്നുണ്ടോയെന്ന് തൊഴിൽ വകുപ്പിലെ ഇൻസ്പെക്ടർമാർക്ക് 1984 ലെ മിനിമം വേതന നിയമപ്രകാരവും 1936 ലെ വേതനം കൊടുക്കൽ നിയമപ്രകാരവും ഓൺലൈനായി തന്നെ പരിശോധിക്കുന്നതിനും ഇതിൽ വീഴ്ചവരുത്തുന്ന സ്ഥാപന ഉടമകൾക്കെതിരെ നിയമനടപടികൾ സ്വീകരിക്കുവാനും കഴിയും. 2016 ൽ നാളിതുവരെ സ്വകാര്യ ആശുപത്രികളിൽ 717 ഇൻസ്പെക്ഷൻ നടത്തുകയും 281 കാരണം കാണിക്കൽ നോട്ടീസ്, 132 പ്രാസിക്യൂഷൻ, 58 ക്ലെയിം പെറ്റീഷൻ എന്നീ നിയമനടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ടി മേഖലയിൽ ജോലി ചെയ്യുന്നവർക്ക് മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിനുള്ള നടപടിയും നടന്നുവരുന്നു. |
| ഡി) | സ്വകാര്യ ആശുപത്രികളിലും സർക്കാർ ആശുപത്രികളിലും സ്റ്റാഫ് നഴ്സിന്റെ ജോലി സമയം ഏകീകരിച്ചിട്ടുണ്ടോ; എങ്കിൽ എത്ര മണിക്കൂർ വീതമെന്ന് വ്യക്തമാക്കുമോ; | ഡി) | സർക്കാർ ആശുപത്രികളിൽ ജോലി ചെയ്യുന്ന നേഴ്സുമാർക്ക് പ്രത്യേകിച്ച് താലൂക്ക്/ജില്ലാ ആശുപത്രി മുതൽ മെഡിക്കൽ കോളേജുവരെ ജോലി ചെയ്യുന്ന നേഴ്സുമാർക്ക് 3 ഷിഫ്റ്റ് സമ്പ്രദായം അനുസരിച്ച് എട്ട് മണിക്കൂറായിട്ട് ജോലി നിജപ്പെടുത്തിയിട്ടുണ്ട്. അത് യഥാക്രമം രാവിലെ 7.30 മുതൽ 1.30 വരെയും ഉച്ചയ്ക്ക് 1.30 മുതൽ വൈകിട്ട് 7.30 വരെയും രാത്രികാലങ്ങളിൽ 7.30 മുതൽ രാവിലെ 7.30 വരെയുമാണ്. പി.എച്ച്.സി, സി.എച്ച്.സി, എന്നിവിടങ്ങളിൽ നഴ്സുമാർക്ക് 8 മണിക്കൂർ |

| | | | |
|---|---|---|---|
| | | | അധികരിക്കാത്ത തരത്തിൽ ജോലി ക്രമീകരണം നടത്തിവരുന്നു. കൂടാതെ 1960-ലെ കേരള ഷോപ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് പ്രകാരം സ്വകാര്യ ആശുപത്രികളിലെ ജോലി സമയം ദിവസം 8 മണിക്കൂറും സ്പ്രെഡ് ഓവർ ഉൾപ്പെടെ പത്തരമണിക്കൂറും ആയി തൊഴിൽ വകുപ്പ് നിജപ്പെടുത്തിയിട്ടുണ്ട്. |
| ഇ) | രോഗി-സ്റ്റാഫ് നഴ്സ് അനുപാതം എത്രയാണ് വേണ്ടതെന്ന് വിശദമാക്കുമോ: | | എല്ലാ സർക്കാർ ആശുപത്രികളിലും 3 ഷിഫ്റ്റ് സമ്പ്രദായം നടപ്പിലാക്കുന്നതിന് 1:4 എന്ന അനുപാതത്തിലാണ് നേഴ്സുമാരെ നിയോഗിക്കേണ്ടത്. അതോടൊപ്പം സ്പെഷ്യൽ വിഭാഗത്തിലും, കാഷ്വാലിറ്റി, ഓപ്പറേഷൻ തീയറ്റർ, ഒ.പി എന്നീ വിഭാഗങ്ങളിലും പ്രത്യേകമായി നേഴ്സുമാരെ നിയോഗിക്കേണ്ടതാണ്. കൂടാതെ ഐ.സി.യു വിഭാഗത്തിൽ 1:1 എന്ന അനുപാതത്തിൽ നേഴ്സുമാരെ നിയോഗിക്കേണ്ടതാണ്. |
| എഫ്) | സ്റ്റാഫ് നഴ്സുമാർ തുടർച്ചയായി രാത്രി ഡ്യൂട്ടി ചെയ്യേണ്ടത് എത്ര ദിവസം ആണെന്ന് വ്യക്തമാക്കുമോ? | | സർക്കാർ ആശുപത്രികളിലെ സ്റ്റാഫ് നേഴ്സുമാർ തുടർച്ചയായി മൂന്നു ദിവസം നൈറ്റ് ഡ്യൂട്ടി ചെയ്യേണ്ടതും, പിറ്റേ ദിവസം നൈറ്റ് ഓഫ് എടുക്കാവുന്നതും ആണ്. Standing order ബാധകമായിട്ടുള്ള സ്വകാര്യ സ്ഥാപനങ്ങളിൽ ആയത് പ്രകാരമുള്ള സേവന വ്യവസ്ഥകളാണ് നിലനിൽക്കുന്നത്. |

(signature)

സെക്ഷൻ ഓഫീസർ